9. <u>ശ്രീ. എം. നൗഷാദ് എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. കൊല്ലം മഹാത്മാഗാന്ധി ബീച്ചിൽ ഈ സർക്കാരിന്റെ കാലത്ത് ബീച്ച് ടൂറിസം വികസനത്തിന്റെ ഭാഗമായി 1.5 കോടി രൂപയുടെ ഒരു പദ്ധതിക്ക് അനുമതി നൽകുകയും പദ്ധതി ഏകദേശം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ ഉൾപ്പെടുന്ന മുക്കം-താന്നി പ്രദേശത്ത് 68 ലക്ഷം രൂപയുടെ ഒരു ബീച്ച് ടൂറിസം പദ്ധതി ഉദ്ഘാടനത്തിന് തയ്യാറായിക്കഴിഞ്ഞു. ബീച്ചുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ നടപ്പാക്കുമ്പോൾ CRZ ഉൾപ്പെടെയുള്ള നിരവധി ഘടകങ്ങൾ പരിഗണിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മഹാത്മാഗാന്ധി ബീച്ചും അനുബന്ധ ബീച്ചുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

10. <u>ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

മണ്ണാർക്കാട് ഡിവിഷനിൽ മണ്ണാർക്കാട് റെയ്ഞ്ചിലെ തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലാണ് സബ്മിഷനിൽ പറഞ്ഞിട്ടുള്ള കണ്ടമംഗലം, മേക്കളപ്പാറ, പൊതുവപ്പാടം, മൈലമ്പാടം, കാരാപ്പാടം തുടങ്ങിയ പ്രദേശങ്ങൾ. സൈലന്റ്‌വാലി ദേശീയോദ്യാനം, മണ്ണാർക്കാട്, നിലമ്പൂർ എന്നീ വനം ഡിവിഷനുകളിൽ ഉൾപ്പെടുന്ന വിസ്തൃതമായ വനപ്രദേശത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലുള്ള പ്രദേശമാണിത്. മേൽ സൂചിപ്പിച്ച പ്രദേശങ്ങളിലും ഡിവിഷന്റെ മറ്റു പല ഭാഗങ്ങളിലും ആന, കാട്ടുപന്നി, പുലി തുടങ്ങിയ വന്യമൃഗങ്ങളാലുള്ള കൃഷിനാശവും വളർത്തുമൃഗങ്ങൾ കൊല്ലപ്പെടുന്നതും അടുത്ത കാലത്തായി അധികരിച്ചിട്ടുണ്ട്. തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കണ്ടമംഗലം, മേക്കളപ്പാറ, പൊതുവപ്പാടം, മൈലമ്പാടം, കാരാപ്പാടം എന്നിവിടങ്ങളിൽ കഴിഞ്ഞ 2 മാസങ്ങളായി പുള്ളിപ്പുലിയുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ഇവിടങ്ങളിൽ രാത്രിയും പകലും പട്രോളിംഗ് ശക്തിപ്പെടുത്തിയിരുന്നു.

മേൽ പ്രദേശത്ത് നിരവധി വളർത്തുമൃഗങ്ങളെ പുലി കൊന്നതോടെ അതിനെ പിടികൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. 1-11-2019-ന് മൈലമ്പാടം ഭാഗത്ത് പുലിയെ പിടികൂടുന്നതിന് കൂട് സ്ഥാപിക്കുകയും. 8-11-2019-ന് അതിരാവിലെ പ്രസ്തുത പുലി കൂടിൽ കുടുങ്ങുകയുമുണ്ടായി. പിന്നീട് വിശദമായ പരിശോധനയ്ക്കുശേഷം ഉൾവനത്തിൽ കൊണ്ടുപോയി തുറന്നുവിട്ടിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഡിവിഷന്റെ വിവിധ ഭാഗങ്ങളിൽ വന്യമൃഗങ്ങളാലുള്ള കൃഷിനാശം വളരെ കൂടുതലാണ് എന്നത് വസ്തുതയാണ്. ഒട്ടേറെ ഇടങ്ങളിൽ വളർത്തുമൃഗങ്ങൾക്കും മനുഷ്യജീവനും ഭീഷണി നിലനിൽക്കുന്നുണ്ട്. കൃഷിയിടങ്ങളിൽ ഇറങ്ങുന്ന ആനകളെ ഉടനടി വനത്തിൽ കയറ്റി വിടാറുണ്ട്. വനപ്രദേശം വളരെ ചരിഞ്ഞതും ദുർഘടവുമായതിനാൽ ആനകളെ വനത്തിനുള്ളിൽനിന്ന് മല കയറ്റി വളരെ അകലേയ്ക്ക് വിടാൻ പ്രയാസമുണ്ട് എങ്കിലും ഇക്കാര്യത്തിൽ ഊർജ്ജസ്വലതയോടെയാണ് വനം വകുപ്പ് നടപടികൾ സ്വീകരിക്കുന്നത്. ഡിവിഷനിലെ ഭൂരിഭാഗം ജീവനക്കാരും ഇത്തരം വന്യമൃഗങ്ങളെ കൃഷിയിടങ്ങളിൽ നിന്ന് തിരികെ വനത്തിലേയ്ക്ക് വിടുന്നതിനുള്ള പ്രവർത്തനത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു ആർ.ആർ.റ്റി., ഗൂളിക്കടവിൽ ഒരു എലിഫന്റ് സ്ക്വാഡ് എന്നിവയും ഈ വിഷയം കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായി പ്രവർത്തിക്കുന്നുണ്ട്. ഗൂളിക്കടവിലുള്ള എലിഫന്റ് സ്ക്വാഡ് താൽക്കാലികമായി പ്രവർത്തിക്കുന്നതും ദിവസവേതനാടിസ്ഥാനത്തിലുള്ള പ്രദേശവാസികളെ ഉൾപ്പെടുത്തിയും പ്രവർത്തിക്കുന്നതാണ്. നിലവിൽ ഇവയ്ക്ക് പുറമെ മേൽ വിഷയം പരിഹരിക്കുന്നതിന് 20 പ്രദേശവാസികളെ വിവിധയിടങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. പ്രദേശത്തെ വന്യമൃഗങ്ങളാലുള്ള നാശനഷ്ടം തടയുന്നതിനായി അഗളിയിൽ ഒരു ആർ.ആർ.റ്റി. കൂടി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

---

LIBRARY ARCHIVES Kerala Legislative Assembly